**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2959** **13-10-2021 - ൽ മറുപടിയ്ക്ക്**

**അമിതമായി ലേലം ഫീസ് ഈടാക്കുന്നത് തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മത്സ്യത്തൊഴിലാളികളിൽനിന്ന് അമിതമായി ലേലം ഫീസ് ഈടാക്കുന്നതും മറ്റുചൂഷണങ്ങൾക്ക് വിധേയമാക്കുന്നതും തടയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | സ്വീകരിക്കുന്നതാണ്. മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനും, അവർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്നതിനുമുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനും ഉതകുമാറുള്ളതാണ് ഓർഡിനൻസ്. 2020 സെപ്റ്റംബർ 23 ന് പ്രസ്തുത ഓർഡിനൻസ് പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയും ഉണ്ടായി. പ്രസ്തുത ഓർഡിനൻസിന്റെ കരട് ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലാണ്. ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ